**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/012/2024
**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
**തീയതി: മെയ്-29-2024**

| | | |
|---|---|---|
| പരാതിക്കാരൻ | : | സെക്രട്ടറി, മണമ്പൂർ ഗ്രാമ പഞ്ചായത്ത്,<br>കവലയുർ പി.ഓ., വർക്കല,<br>തിരുവനന്തപുരം ജില്ല 695144. |
| എതിർകക്ഷി | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,<br>കടയ്ക്കാവൂർ, തിരുവനന്തപുരം ജില്ല. |

## ഉത്തരവ്

### പരാതിയുടെ പശ്ചാത്തലം

മണമ്പൂർ ഗ്രാമപഞ്ചായത്തിലെ പെരുംകുളം, പോപ്പുലാർ, പൂവത്തുംമൂല എന്നീ ട്രാൻസ്ഫോമറുകളിൽ നിന്നുള്ള ലൈനിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകളുടെ സർവ്വേ നടത്തിയപ്പോൾ വളരെയധികം തെരുവ് വിളക്കുകൾ സ്ഥാപിച്ച തീയതി മുതൽ ബില്ല് ചെയ്യാതെ കിടക്കുന്നതായി കണ്ടു, സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയായി 2,35,027/- രൂപയ്ക്കുള്ള ബിൽ നൽകുകയുണ്ടായി. എന്നാൽ ബിൽ പ്രകാരമുള്ള കറന്റ് ചാർജ് പഞ്ചായത്ത് കൃത്യമായി അടച്ചു വരുന്നതിനാൽ ഇത്തരം കുടിശ്ശിക വരാൻ സാധ്യതയില്ലെന്നും, അതിനാൽ പഞ്ചായത്ത് അടയ്ക്കാൻ ബാധ്യസ്ഥർ അല്ലെന്നും, പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും അത് ലൈസൻസിയെ അറിയിക്കുകയും ചെയ്തു. കുടിശ്ശിക തുക അടവാകാത്തതിനാൽ റവന്യൂ റിക്കവറി നടപടികളുമായി മുന്നോട്ടു പോകാൻ ലൈസൻസി തീരുമാനിച്ചു. അങ്ങനെ അപ്പീൽ പരാതിക്കാരൻ CGRF-നെ സമീപിക്കുകയും CGRF നടപടികൾ പൂർത്തിയാക്കി 15/01/2024-ൽ

ഉത്തരവിറക്കുകയും ചെയ്തു. അതിന്റെ അപ്പീലായിട്ടാണ് ഈ പരാതി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിട്ടുള്ളത്.

## പരാതിക്കാരന്റെ വാദം

ഹർജികക്ഷി മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സെക്രട്ടറി ആകുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166-ആം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം തെരുവു വിളക്കുകൾ കത്തിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക എന്നുള്ളത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെട്ടതാണ്. ഇപ്രകാരം അധികാരപ്പെടുത്തിയതിൻ പ്രകാരമാണ് മണമ്പൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തെരുവ് വിളക്കുകൾ ഗ്രാമപഞ്ചായത്ത് തുക വിനിയോഗിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡുമായി സഹകരിച്ച് ഗ്രാമപഞ്ചായത്ത് പരിപാലിച്ചു പോരുന്നത്.

KSEB - LTD വക്കം സെക്ഷൻ അസി.എഞ്ചീനിയറുടെ 19/11/2021 ലെ NO BB/STREET LIGHT/21-22/167 നമ്പർ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് ഒടുക്കുന്നത് സംബന്ധിച്ച കത്തും 17/12/201 ലെ BB/Notice/21-22.198/2021 (11/2020-05/2021 വരെയുള്ള കാലയളവിൽ 203641/- രൂപ കുടിശ്ശിഖ ഉള്ളതായി ഡിസ്കണക്ഷൻ നോട്ടീസും ലഭിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഉപയോഗിക്കാത്ത വൈദ്യുതിയ്ക്ക് ചുമത്തിയ ചാർജ് പുനപരിശോധിക്കണമെന്നും, ഗ്രാമപഞ്ചായത്ത് ഉപയോഗിക്കാത്ത വൈദ്യുതിക്ക് ചാർജ് ഒടുക്കുവരുത്തിയാൽ ആയത് പൊതുപണത്തിന്റെ ദുരുപയോഗം ആയി കണക്കാക്കുമെന്നതിനാൽ ഒടുക്കുവരുത്താൻ കഴിയാത്ത സാഹചര്യം യഥാസമയം അറിയിച്ചിട്ടുള്ളതാണ്.

തുടർന്ന് 02/05/2023 ലെ വക്കം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലെ DB/RR_Notice/Strlight/MANBR/2023-24/12-ാം നമ്പർ റവന്യൂ റിക്കവറി നോട്ടീസ് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും 11/05/2023-ലെ 4(5) തീരുമാന പ്രകാരം സർക്കാരിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിലേക്കായി ഈ ഓഫീസിൽ നിന്നും 15 ലക്ഷം രൂപ കേരളാ ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഒടുക്കു വരുത്തിയിട്ടുള്ളതാണ്. ആയത്പ്രകാരം മീറ്റർ സ്ഥാപിച്ച് യഥാർത്ഥ ഉപഭോഗത്തിന് മാത്രം ബിൽ നൽകേണ്ടത് ബോർഡിന്റെ ഉത്തരവാദിത്തമാണെന്ന്

കമ്മിറ്റി വിലയിരുത്തുകയുണ്ടായി. കൂടാതെ വഴി വിളക്കുകളുടെ വൈദ്യുത ചാർജ്ജായി ഗ്രാമപഞ്ചായത്തിൽ ലഭിച്ച്കൊണ്ടിരിക്കുന്ന എല്ലാ ബില്ലുകൾക്കും വളരെ കൃത്യതയോടെ തുക ഒടുക്ക് വരുത്തിയിട്ടുള്ളതുമാണ്. മണമ്പൂർ ഗ്രാമപഞ്ചായത്ത് അനധികൃതമായി ഒരു വൈദ്യുത വിളക്കുകളും പ്രകാശിപ്പിക്കുന്നില്ല എന്നുള്ള വിവരവും കമ്മിറ്റി പരിശോധിക്കുകയുണ്ടായി. വൈദ്യുത ബോർഡ് അറിയാതെ ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് മെയിൻ വലിച്ച് ഇലക്ട്രിക് ലാംപുകൾ സ്ഥാപിച്ചു എന്നത് വസ്തുതാ പരമായി ശരിയല്ല. കൂടാതെ വൈദ്യുത ബോർഡിന്റെ ആഡിറ്റ് വിഭാഗം കണ്ടെത്തിയതായ കാലയളവിൽ എവിടെയെല്ലാം സ്ട്രീറ്റ്മെയിൻ വലിച്ചിട്ടുണ്ടന്നോ ഇതിലേയ്ക്ക് ചെലവായ തുകയുടെ കണക്കുകളോ ആയത് സംബന്ധമായ മറ്റു വിവരങ്ങളൊ വക്കം ഇലക്ട്രിക്കൽ സെക്ഷന്റെ ഭാഗത്ത് നിന്നും മണമ്പൂർ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ലാത്തത് ടീ ഓഫീസിന്റെ വീഴ്ചയാണെന്ന് കമ്മിറ്റി വിലയിരുത്തുകയുണ്ടായി. പൊതുജനങ്ങൾ നികുതിയായി ഒടുക്കുന്ന തുകയാണ് വൈദ്യുതി വഴി വിളക്കുകൾക്ക് വേണ്ടി അടവാക്കുന്നത്. യഥാസമയങ്ങളിൽ മണമ്പൂർ ഇതുസംബന്ധമായ വിവരങ്ങൾ നൽകാതെ ആഡിറ്റ് പരാമർശം ചൂണ്ടി കാണിച്ച് ഇത്രയും ഭീമമായ തുക ഈടാക്കുന്നതിന് കെ എസ് ഇ ബി നടപടി സ്വീകരിച്ചത് സംബന്ധിച്ച് വർക്കല താലൂക്കിൽ 09/05/2023 തീയതിയിൽ നടന്നതായ കരുതലും കൈതാങ്ങും എന്ന അദാലത്തിൽ പരാതി നൽകിയിട്ടുണ്ടെന്നും ആയത് ബഹു വൈദ്യുത വകുപ്പ് മന്ത്രിയ്ക്ക് കൈമാറിയിട്ടുള്ള വിവരം വിലയിരുത്തുകയുണ്ടായി. മണമ്പൂർ ഗ്രാപഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച കൊണ്ടല്ലാതെ ആഡിറ്റ് കണ്ടെത്തിയ തുകയായ 203641/- (രണ്ട് ലക്ഷത്തി മൂവായിരത്തി അറുന്നൂറ്റി നാൽപതി ഒന്ന് രൂപ) ഒഴിവാക്കി നൽകണമെന്നും, ടി തുക ഒടുക്കാത്ത പക്ഷം വഴിവിളക്കുകളുടെ കണക്ഷൻ വിച്ഛേദിച്ച് ഒരു പ്രദേശത്തെ മുഴുവൻ ഇരുട്ടിലാക്കുന്ന നടപടി സ്വീകരികരുതെന്നും വക്കം കെ എസ് ഇ ബി ഇലക്ട്രിക് സെക്ഷൻ അസി. എഞ്ചിനീയറോട് അഭ്യർത്ഥിച്ച് തീരുമാനിച്ച് കത്ത് ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ളതുമാണ്.

തുടർന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 07/08/2023-ലെ DB/VAKKOM/OTS/2023/72 നമ്പർ കത്തും 13/09/2023 6 OTP 2023/000838 നമ്പർ കെ എസ് ഇ ബി വക്കം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നുള്ള കത്തും കമ്മിറ്റി ചർച്ച ചെയ്ത് തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 25/09/2023 ലെ 7(1) നമ്പർ തീരുമാനപ്രകാരം മണമ്പൂർ ഗ്രാമപഞ്ചായത്തിലെ വക്കം കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ വരുന്നതായ മീറ്റർ സ്ഥാപിക്കാത്ത

വഴിവിളക്കിന്റെ വൈദ്യുത ബില്ല് കുടിശ്ശിക സഹിതം 235027/- രൂപ നിലനിൽക്കുന്നുണ്ടെന്നും കെ.എസ്.ഇ.ബി. ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്ന ഒറ്റതവണ തീർപ്പാക്കൽ പദ്ധതി 2023 പ്രയോജനപ്പെടുത്തിയാൽ പലിശ ഇനത്തിൽ പരാമാവധി 46164/- രൂപ ലാഭിക്കാവുന്നതാണെന്നും അറിയിച്ചുകൊണ്ട് വക്കം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും ലഭിച്ച കത്ത് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെതല്ലാത്ത പിഴവ് മൂലമാണ് വൈദ്യുത ബിൽ കുടിശ്ശികയായതെന്നും ആയതിനാൽ തുക അടവാക്കേണ്ടതില്ലായെന്നും വൈദ്യുത ബില്ല് കുടിശ്ശിക ഒഴിവാക്കി നൽകുന്നതിനായി കെ.എസ്.ഇ.ബി. ഗ്രിവൻസ് റിഡ്രെസൽ ഫോറം കൊട്ടരക്കര മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

എന്നാൽ പ്രസ്തുത അപ്പീൽ തീർപ്പാക്കികൊണ്ട് 15/01/2024 ൽ OP NO 74/2023 നമ്പർ പ്രകാരം CGRF പുറപ്പെടുവിച്ച ഉത്തരവിൽ ഉന്നയിച്ച വസ്തുതകൾ പരിശോധിക്കാതെ ലൈസൻസിയുടെ വാദം മാത്രം ശരി വച്ച് ഹർജി കക്ഷിയായ ഗ്രാമപഞ്ചായത്തിനോട് തുക ഒടുക്കു വരുത്താൻ നിർദേശിച്ച് ഉത്തരവായിരിക്കുകയാണ്. ഗ്രാമപഞ്ചായത്ത് ഒടുക്ക് വരുത്തിയ തുക വിനിയോഗിച്ച് തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി യഥാർത്ഥ ഉപഭോഗത്തിനുമാത്രം വൈദ്യുതി ചാർജ് ഈടാക്കാതെ, ഗ്രാമപഞ്ചായത്തിന് യഥാസമയം നൽകിയ യഥാർത്ഥ ബില്ലുകൾ പ്രകാരമുള്ള തുക ഒടുക്കു വരുത്തിയത് പരിഗണിക്കാതെ ലൈസൻസിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ച ഓഡിറ്റിന്റെ പേരിൽ കുടിശ്ശികയായി മണമ്പൂർ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ മേൽ ചുമത്തിയ നടപടി പുനപരിശോധിക്കണമെന്നും മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ CGRF ന്റെ 15/01/2024 ലെ ഒ.പി 74/2023 നമ്പർ ഉത്തരവ് റദ്ദു ചെയ്യണമെന്നും ഗ്രാമപഞ്ചായതിന്റെ മേൽ ചുമത്തിയ ബാധ്യത ഒഴിവാക്കി നൽകണമെന്നും അപേക്ഷിക്കുന്നു.

## <u>എതിർക്കക്ഷിയുടെ വാദം</u>

മണമ്പൂർ ഗ്രാമപഞ്ചായത്ത് 2019 സെപ്തംബർ വരെ ആറ്റിങ്ങൽ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള കടയ്ക്കാവൂർ, വക്കം, കല്ലമ്പലം, ആറ്റിങ്ങൽ ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഉൾപ്പെടുന്നു.2019 സെപ്റ്റംബറിൽ, സെക്ഷൻ അതിർത്തികൾ കെഎസ്ഇബിഎൽ പുനർനിർമ്മിച്ചു, അതനുസരിച്ച് പെരുംകുളം, പോപ്പുലാർ, പൂവത്തുംമൂല എന്നീ ട്രാൻസ്ഫോർമറുകൾ മുമ്പ് കടയ്ക്കാവൂർ ഇലക്ട്രിക്കൽ സെക്ഷന്റെ അധികാരപരിധിയിൽ

ഉണ്ടായിരുന്നത്, വക്കം ഇലക്ട്രിക്കൽ സെക്ഷനിലേക്ക് മാറ്റി.അതേസമയം, 2019 ജൂലൈയിൽ KSEBL-ന്റെ ഓഡിറ്റ് വിഭാഗം, മണമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.10.2018 ലെ കത്ത് നമ്പർ A2-25/18 (24.09.2018 ലെ പ്രമേയം നമ്പർ 2/11) പ്രകാരം പഞ്ചായത്ത് അധികൃതർ CFL സ്ഥാപിക്കാൻ അനുമതി തേടിയതായും എന്നാൽ കടയ്ക്കാവൂർ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ മണമ്പൂർ ഗ്രാമപഞ്ചായത്തിന് കീഴിൽ സ്ഥാപിച്ച മുഴുവൻ തെരുവ് വിളക്കുകളും സ്ഥാപിച്ച തീയതി മുതൽ ബില്ല് ചെയ്യാതെ കിടക്കുന്നതായും നിരീക്ഷിച്ചു.ഓഡിറ്റ് സംഘത്തിന്റെയും അസിസ്റ്റന്റ് എൻജിനീയറുടെയും നിർദേശപ്രകാരം കടക്കാവൂർ ഇലക്ട്രിക്കൽ വിഭാഗം ഓവർസിയർ തെരുവുവിളക്കുകൾ സർവേ നടത്തുകയും പെരുംകുളം, പോപുലർ, പൂവത്തുംമൂല എന്നിവിടങ്ങളിലായി 108 തെരുവുവിളക്കുകൾ സ്ഥാപിച്ചതായി റിപ്പോർട്ട് ചെയ്യുകയും ചെയ്തു.സ്ട്രീറ്റ്ലൈറ്റ് സർവേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 2 വർഷത്തേക്ക് 85440 രൂപ യുടെ ബില്ല് നൽ കുകയുണ്ടായി. 31.1.2020 ലെ BB/KDKVR/Street Light/192 എന്ന ലെറ്റർ പ്രകാരം കടയ്ക്കാവൂരിലെ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ പഞ്ചായത്ത് അധികൃതരെ ഇക്കാര്യം അറിയിച്ചിട്ടുള്ളതാണ്.എന്നാൽ പഞ്ചായത്ത് അധികൃതർ പ്രതികരിച്ചില്ല. മുകളിലുള്ള 108 തെരുവുവിളക്കുകളിൽ 9 എണ്ണം CFL മാത്രമാണു ടി ട്രാൻസ്ഫോർമറുകൾക്കു കീഴിൽ സ്ഥാപിക്കാൻ പഞ്ചായത്ത് അധികൃതർ അനുമതി തേടിയത് മറ്റെല്ലാ തെരുവുവിളക്കുകളും പഞ്ചായത്ത് അധികൃതർ സെക്ഷൻ ഓഫീസിൽ മുൻകൂട്ടി അറിയിക്കാതെ സ്ഥാപിച്ചവയാണ്. അതിനാൽ സെക്ഷൻ ഓഫീസിൽ നിന്നും യഥാസമയം ബിൽ നൽകാനായില്ല.

മുകളിൽ സൂചിപ്പിച്ച് മൂന്ന് ട്രാൻസ്ഫോർമറുകളും, നെറ്റ്‌വർക്കും ഉപഭോക്താക്കളും വക്കം ഇലക്ട്രിക്കൽ സെക്ഷനിലേക്ക് മാറ്റിയതിനാൽ, അസിസ്റ്റന്റ് എഞ്ചിനീയർ, കടയ്ക്കാവൂർ, കുടിശ്ശിക ഡിമാൻഡ് വക്കം സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറി. കടയ്ക്കാവൂർ സെക്ഷൻ, അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഡിമാൻഡ് ലെറ്റിനോട് പഞ്ചായത്ത് അധികൃതർ പ്രതികരിക്കാത്തതിനാൽ 19. 11. 2021-ന് വക്കം അസിസ്റ്റന്റ് എഞ്ചിനീയർ ഒരു കത്ത് കൂടി നൽകി. പ്രസ്തുത 108 വിളക്കുകളുടെ നിലവിലെ ചാർജ് 2021 ഏപ്രിൽ മുതൽ പഞ്ചായത്ത് മുടങ്ങാതെ അടയ്ക്കുന്നുണ്ട്.

അതു കൂടാതെ, ആറ്റിങ്ങലിലെ ഇലക്ട്രിക്കൽ ഡിവിഷനിൽ (ഓഡിറ്റ് നമ്പർ RAO/ Div dudit/ ATL/20-21 തീയതി 11.09.2020) ഓഡിറ്റിനിടെ, TS/4103/19-20/27 തീയതി 28-05-2019, മണമ്പൂർ പഞ്ചായത്ത് 30W ന്റെ 139 LED ബൾബുകളും 250W ന്റെ 8 എണ്ണം മെർക്കുറി വേപ്പർ ലാമ്പുകളും സ്ഥാപിക്കുകയും, അവ വക്കം ഇലക്ട്രിക്കൽ സെക്ഷനു കീഴിൽ ബില്ല് ചെയ്യാതെയും കിടക്കുന്നതായും നിരീക്ഷിച്ചു. അതിനാൽ, സ്ഥാപിച്ച തീയതി മുതൽ, അതായത് 8/2019 മുതൽ 10/2020 വരെയുള്ള കാലയളവിൽ, ഈ തെരുവുവിളക്കുകൾ മൂലമുള്ള കറന്റ് ചാർജിനായി 117420 രൂപ നൽകണമെന്ന മറ്റൊരു ബില്ല് നൽകുകയുണ്ടായി. 147 വിളക്കുകളുടെ നിലവിലെ ചാർജ് 2020 ഡിസംബർ മുതൽ പഞ്ചായത്ത് മുടങ്ങാതെ അടയ്ക്കുന്നുണ്ട്. ആവർത്തിച്ചുള്ള ഓർമ്മപ്പെടുത്തലും കുടിശ്ശിക കാണിക്കുന്ന പ്രതിമാസ ഡിമാൻഡ് നോട്ടീസും പഞ്ചായത്ത് അധികൃതർക്ക് നൽകുകയും ഇക്കാര്യം ആറ്റിങ്ങലിലെ ഇലക്ട്രിക്കൽ ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനീയർ ജില്ലാ പഞ്ചായത്ത്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്, തിരുവനന്തപുരത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് വർഷം കഴിഞ്ഞിട്ടും തുക അടച്ചിട്ടില്ലാത്തതിനാൽ, ഉന്നത ഓഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം, വക്കം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 27.04.2023-ലെ കത്ത് പഞ്ചായത്തിന് റവന്യൂ റിക്കവറിക്കായി നൽകി.

വിവിധ ഉപഭോക്താക്കളിൽ നിന്ന് KSEBL-നു നൽകാനുള്ള കുടിശ്ശിക തീർക്കുന്നതിനായി 20.07.2023-ൽ ബോർഡ് വൺ ടൈം സെറ്റിൽമെന്റ് സ്കീം-2023 പ്രഖ്യാപിച്ചു. 20.07.2023 മുതൽ 30.12.2023 വരെയായിരുന്നു പദ്ധതി കാലയളവ്. മണമ്പൂർ പഞ്ചായത്തിന് ഒ.ടി.എസ്. പദ്ധതി പ്രകാരം മേൽപ്പറഞ്ഞ കുടിശ്ശിക തീർക്കാൻ അർഹതയുള്ളതിനാൽ അവർക്ക് നോട്ടീസ് നൽകി. നിലവിൽ ടി പദ്ധതി ഉപാധികളോടെ 31.03.2024 വരെ നീട്ടിയിട്ടുണ്ട്

രണ്ട് വർഷം കഴിഞ്ഞിട്ടും തുക അടച്ചിട്ടില്ലാത്തതിനാൽ, ഉന്നത ഓഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം, വക്കം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 27.04.2023-ലെ കത്ത് പഞ്ചായത്തിന് റവന്യൂ റിക്കവറിക്കായി നൽകി.അതിന് മറുപടിയായി പഞ്ചായത്ത് അധികൃതർ 11.05.2023-ലെ തീരുമാനം 4(5) എന്ന പ്രമേയം സമർപ്പിച്ചു. പഞ്ചായത്ത് ഉപയോഗിക്കാത്ത വൈദ്യുതി എന്നത് തെറ്റായ ആരോപണമാണ്. 108 തെരുവുവിളക്കുകളിൽ 9 എണ്ണം CFL മാത്രമാണു ടി ട്രാൻഫോർമറുകൾക്കു കീഴിൽ സ്ഥാപിക്കാൻ പഞ്ചായത്ത് അധികൃതർ അനുമതി തേടിയത്. മറ്റെല്ലാ തെരുവുവിളക്കുകളും പഞ്ചായത്ത് അധികൃതർ സെക്ഷൻ ഓഫീസിൽ മുൻകൂട്ടി അറിയിക്കാതെ

സ്ഥാപിച്ചവയാണ്. TS/4103/19-20/27 തീയതി 28-05-2019,പ്രകാരം സ്ഥാപിച്ച 147 തെരുവുവിളക്കുൾക്കു സെക്ഷൻ ഓഫീസിൽ നിന്നും യഥാസമയം ബിൽ നൽകാനായില്ല. ആയതിനാൽ പലിശ തുക ഒഴിവാക്കിയാണു രണ്ടു ബില്ലുകളും നല്കിയിട്ടുള്ളത്.

മണമ്പൂർ ഗ്രാമപഞ്ചായത്ത് കടയ്ക്കാവൂർ, വക്കം, കല്ലമ്പലം, ആറ്റിങ്ങൽ ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഉൾപ്പെടുന്നു. പഞ്ചായത്ത് അടച്ചതായി അവകാശപ്പെടുന്ന 15 ലക്ഷം രൂപ ഏതു സെക്ഷനിൽ ആണു അടച്ചതെന്നു വ്യക്തമല്ല. മാത്രമല്ല പ്രസ്തുത തുക ഒടുക്കിയതിന്റെ മറ്റു വിവരങ്ങൾ ഒന്നും തന്നെ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സമർപ്പിച്ചിട്ടില്ല. എന്നാൽ 20-10-2014 ൽ വക്കം സെക്ഷനുകീഴിലുള്ള മണമ്പൂർ പഞ്ചായത്തിന് കീഴിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് മെയിൻ ഉള്ള എല്ലാ തെരുവുവിളക്കുകളും മീറ്ററിംഗ് ചെയ്തിട്ടുള്ളതാണ് (കൺസ്യൂമർ നമ്പർ 10778 മുതൽ 10807 വരെ). വക്കം ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ, 20-10-2014 മുതൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റുകളുടെ കറന്റ് ചാർജു മുടങ്ങാതെ അടയ്ക്കുന്നുണ്ട്. സ്ട്രീറ്റ് മെയിൻ ഇല്ലാത്തിടത്തും മീറ്റർ സ്ഥാപിച്ചിട്ടില്ലാത്തിടത്തും കോമ്പോസിറ്റ് താരിഫ് അടിസ്ഥാനത്തിലാണ് ബില്ലിംഗ് നടത്തുന്നതെന്നും ആ വിഷയം പഞ്ചായത്ത് അധികൃതരെ കൃത്യമായി അറിയിച്ചിട്ടുള്ളതുമാണ്. പരാതിക്കാധാരമായ 2018, 2019 കാലയളവിൽ സ്ഥാപിച്ചിട്ടുള്ളവയും മീറ്റർ സ്ഥാപിച്ചിട്ടില്ലാത്തവയും ആണ്. പ്രസ്തുത തെരുവുവിളക്കുകളിൽ 108 വിളക്കുകളുടെ നിലവിലെ ചാർജ് 2021 ഏപ്രിൽ മുതലും 147 വിളക്കുകളുടെ നിലവിലെ ചാർജ് 2020 ഡിസംബർ മുതലും പഞ്ചായത്ത് മുടങ്ങാതെ അടയ്ക്കുന്നുണ്ട്. താലൂക്ക് അദാലത്തിൽ ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിക്ക് പഞ്ചായത്ത് നൽകിയ പരാതി ഈ ഓഫീസിൽ ലഭിച്ചിട്ടില്ല.

വിവിധ ഉപഭോക്താക്കളിൽ നിന്ന് കെഎസ്ഇബിഎല്ലിന് നൽകാനുള്ള കുടിശ്ശിക ർക്കുന്നതിനായി 20.07.2023-ൽ ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി-2023 പ്രഖ്യാപിച്ചു. 20.07.2023 മുതൽ 30.12.2023 വരെയായിരുന്നു പദ്ധതി കാലയളവ്. മണമ്പൂർ പഞ്ചായത്തിന് ടി പദ്ധതി പ്രകാരം മേൽപ്പറഞ്ഞ കുടിശ്ശിക തീർക്കാൻ അർഹതയുള്ളതിനാൽ നോട്ടീസ് നൽകിയിരുന്നു. മീറ്റർ ഇല്ലാത്ത തെരുവുവിളക്കുകൾ ഉപയോഗിക്കുന്ന കറന്റ് ചാർജ് മാത്രമാണ് കെ.എസ്.ഇ.ബി.എൽ. ആവശ്യപ്പെട്ടത്. വൈദ്യുതി ഉപയോഗിച്ചിട്ടുള്ളതിനാൽ, വൈദ്യുതി നിയമം 2003 പ്രകാരം നിലവിലുള്ള നിരക്കിൽ (ഇവിടെ കമ്പോസിറ്റ്

താരിഫ് വൈദ്യുതി ചാർജ്ജ് അടയ്ക്കാൻ പഞ്ചായത്ത് അധികാരികൾ ബാധ്യസ്ഥരാണ്.

ലൈസൻസി ബിൽ നൽകുന്നതിൽ കാലതാമസം വരുത്തുന്നത് ഉപയോഗിച്ചിട്ടുള്ള വൈദ്യുതി ചാർജു അടയ്ക്കുന്നതിൽ നിന്ന് ഉപഭോക്താവിനെ ഒഴിവാക്കുന്നില്ല. ആയതിനാൽ ബഹു:CGRF ന്റെ OP no 74/2023 നമ്പർ പ്രകാരം ഉത്തരവ് അനുസരിച്ച് പഞ്ചായത്ത് തുക ഒടുക്കേണ്ടതാണ്. 20-10-2014ൽ വക്കം സെക്ഷനുകീഴിലുള്ള മണമ്പൂർ പഞ്ചായത്തിന് കീഴിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് മെയിൻ ഉള്ള എല്ലാ തെരുവുവിളക്കുകളും മീറ്ററിംഗ് ചെയ്തിട്ടുള്ളതാണ് കൺസ്യൂമർ നമ്പർ 10778 മുതൽ 10807 വരെ).പരാതിക്കാധാരമായ തെരുവുവിളക്കുകൾ മീറ്റർ സ്ഥാപിച്ചിട്ടില്ലാത്തവ ആണ്.പഞ്ചായത്ത് അനധികൃതമായി ഉപയോഗിച്ച വൈദ്യുതി ചാർജ്ജ് മാത്രമാണു KSEBL ഈടാക്കാൻ ശ്രമിക്കുന്നത്. മേൽപ്പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്ത്, വൈദ്യുതി തുക കുടിശ്ശിക ഒടുക്കുന്നതിനുള്ള നിർദ്ദേശം പഞ്ചായത്തിനു നൽകണമെന്നു ബഹുമാനപ്പെട്ട സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ മുമ്പാകെ വിനീതമായി അപേക്ഷിക്കുന്നു.

## <u>വിശകലനവും കണ്ടെത്തലുകളും</u>

അപ്പീൽ പരാതിയുടെ വാദം മെയ്-02-2024, 12:00 മണിക്ക്, ഇൻസ്റ്റിട്യൂഷൻ ഓഫ് എഞ്ചിനീർസ് ഇന്ത്യ, കേരള സ്റ്റേറ്റ് സെന്റർ, ഓപ്പോസിറ്റ് കനകക്കുന്ന് പാലസ്, തിരുവനന്തപുരം മീറ്റിങ്ങ് റൂമിൽ വെച്ച് നടന്നു. പരാതിക്കാരനായ ശ്രീ. സന്തോഷ് കുമാർ ജെ.എസ്., സെക്രട്ടറി, മണമ്പൂർ ഗ്രാമ പഞ്ചായത്ത്, എതിർ കക്ഷിയായ ശ്രീമതി. ശ്രീജ എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കടയ്ക്കാവൂർ എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

മണമ്പൂർ ഗ്രാമപഞ്ചായത്തിലെ കടയ്ക്കാവൂർ ഇലക്ട്രിക് സെക്ഷന്റെ കീഴിലുള്ള മൂന്ന് ട്രാൻസ്ഫോർമറുകളിൽ നിന്നുള്ള ലൈനിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകളുടെ കറന്റ് ചാർജ് കുടിശ്ശികയുമായി ബന്ധപ്പെട്ടാണ് പരാതി ഉണ്ടായിട്ടുള്ളത്. 17/12/2021-ൽ ലൈസൻസി നൽകിയിട്ടുള്ള കത്തുപ്രകാരം 2,03,641/- രൂപ കുടിശ്ശികയുള്ളതായി കാണിച്ചിരുന്നു. മാത്രമല്ല 15 ദിവസത്തിനകം തുക അടയ്ക്കാത്ത പക്ഷം കണക്ഷൻ വിച്ഛേദിക്കപ്പെടുമെന്ന നോട്ടീസും നൽകുകയുണ്ടായി. ആഡിറ്റിൽ ക്രമക്കേട് കണ്ടെത്തിയതിന്റെ വെളിച്ചത്തിൽ സെക്ഷൻ ഓഫീസിലെ ഉദ്യോഗസ്ഥർ

പരിശോധന നടത്തുകയും ബിൽ ചെയ്യാത്ത 108 ഓളം ലൈറ്റുകൾ പ്രവർത്തിച്ചു വരുന്നതായും കണ്ടെത്തി. അതിനുള്ള ചാർജായി 24 മാസത്തേക്ക് 85440/- രൂപയും കൂടാതെ 08/2019ൽ ഘടിപ്പിച്ചിട്ടുള്ള 139 LED ബൾബുകൾക്കും 8 മെർക്കുറി ലാമ്പുകൾക്കും കൂടി 15 മാസത്തേക്ക് കണക്കാക്കിയ 1,17,420/- രൂപയും ചേർത്താണ് ഈ കുടിശ്ശിക 27/04/2023ൽ ലൈസൻസി നൽകിയ കത്തു പ്രകാരം ആകെ കുടിശ്ശിക 2,03,641/- ആയി കണക്കാക്കിയിരിക്കുന്നു.

മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ വാദത്തിൽ ലൈസൻസി നൽകിയ ബിൽപ്രകാരമുള്ള തുക കൃത്യമായി അടച്ചു വരുന്നതാണെന്നും അവിടെ ഘടിപ്പിച്ചിട്ടുള്ള ലൈറ്റുകൾ എല്ലാം ലൈസൻസിയുടെ അറിവോടെയാണെന്നും പ്രതിപാദിക്കുന്നു. അതിനാൽ തന്നെ കുടിശ്ശിക വരാൻ വഴിയില്ല എന്നും അത് അടയ്ക്കാൻ ബാധ്യസ്ഥരല്ല എന്നും വാദിക്കുന്നു. കൂടാതെ അവിടെ നടന്നു എന്നു പറയുന്ന ആഡിറ്റിനെക്കുറിച്ചോ പരിശോധനയെക്കുറിച്ചോ ഉപഭോക്താവ് എന്ന നിലയിൽ അവരെ അറിയിച്ചിട്ടില്ല എന്നും പറയുകയുണ്ടായി.

ലൈസൻസി പരിശോധന നടത്തുമ്പോൾ അതു വളരെ സുതാര്യമായിരിക്കണമെന്നും ഉപഭോക്താവിന്റെ സാന്നിധ്യത്തിലായിരിക്കണമെന്നും റെഗുലേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്. Kerala Electricity Supply Code 2014 ലെ റെഗുലേഷൻ 173.

**173. General provisions relating to inspection.-**

(1) *"Every inspection conducted by the licensee shall be transparent, fair and free of prejudice".*

(2) *"While seeking entry into the premises of the consumer, the authorised employee of the licensee shall visibly display his name tag and produce for scrutiny, the proof of identity or authorisation of the distribution licensee and shall inform the consumer of the purpose of his entry into the premises".*

(3) *"The authorised employee of the licensee shall also carry the job sheet or work order or similar authorisation setting out the work required to be done at the premises and show the same to the consumer before entering the premises".*

(5) *"Every inspection shall be complete in all respects and the officer authorised to conduct inspection shall inspect thoroughly, all relevant aspects of the installation including the load connected, purpose for which electricity is being used, condition of*

*the metering installation etc., without limiting the scope of inspection to one or two aspects".*

(6) *"The officer who prepares the mahazar or the inspection report shall obtain the signature of inspecting officers, officers of the licensee at site and of independent witnesses".*

(7) *"The consumer or his employee or his representative or the occupier or his representative present at the premises shall be allowed to read the mahazar and to affix his signature in it".*

(8) *"In case the consumer or the occupier or his representative refuses to affix his signature in the mahazar, the fact shall also be recorded in the mahazar".*

(9) *"As far as possible, the officer authorised to inspect the premises of the consumer shall take two independent witnesses for the inspection of the premises and shall make such independent witnesses fully aware of the facts recorded in the mahazar and shall obtain their signature in the mahazar".*

(10) *"The name and official addresses of all inspecting officers as well as full permanent address of witnesses shall be recorded in the mahazar".*

(11) *"A copy of the mahazar shall be handed over to the consumer/occupier/ representative present at the premises, under proper acknowledgement at the spot itself on completing the inspection".*

ഇവിടെ പരിശോധന ചട്ടങ്ങളും, നിയമങ്ങളും പാലിച്ചു കൊണ്ടുള്ളതല്ല എന്നത് വ്യക്തമാണ്. അതിനാൽ തന്നെ 02/05/2024 ൽ നടന്ന വാദം കേൾക്കലിൽ ചട്ടങ്ങൾ പാലിച്ചു കൊണ്ടുള്ള പരിശോധന വീണ്ടും നടത്താൻ എതിർകക്ഷിയോടും പരാതിക്കാരനോടും നിർദ്ദേശിച്ചു. ഈ പരിശോധനയ്ക്ക് പരാതിക്കാരൻ തന്റെ പ്രതിനിധിയെ നിയോഗിക്കേണ്ടതും അയാൾ പരിശോധനയുമായി പൂർണമായും സഹകരിക്കേണ്ടതുമാണെന്ന് പ്രത്യേകം നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഒരു പ്രതിനിധിയെ നിയോഗിക്കുകയും ലൈസൻസിയുടെ ഉദ്യോഗസ്ഥർ ആ പ്രതിനിധിയുടെ സാന്നിധ്യത്തിൽ പുനഃപരിശോധന 13/05/2024, 21/05/2024 & 23/05/2024 എന്നീ ദിവസങ്ങളിൽ പൂർത്തിയാക്കുകയും ചെയ്തു.

ഇവ ഘടിപ്പിച്ചത് ലൈസൻസിയുടെ അറിവോടെയല്ല എന്നുള്ള വാദം തീർത്തും അംഗീകരിക്കാൻ കഴിയില്ല. ലൈസൻസിയുടെ അനുമതിയില്ലാതെ ലൈനിൽ

പിടിപ്പിക്കാൻ പാടില്ല എന്നു മാത്രമല്ല അഥവാ അങ്ങനെ ചെയ്താൽ Line Patroling-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അത് കണ്ടെത്തുകയും യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. 2019ൽ തന്നെ ഗ്രാമപഞ്ചായത്ത് 147 വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചതായും അതിന്റെ supervision charge അടച്ചതായും കാണുന്നു. അതോടൊപ്പം 2018-ൽ 1,55,275/- രൂപ ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനായി ലൈസൻസിക്ക് നൽകിയതായും അത് പൂർത്തിയാക്കിയതായും കാണുന്നു. ഇതുപ്രകാരം സ്ഥാപിച്ചിട്ടുള്ളത് പ്രസ്തുത തെരുവ് വിളക്കുകളാണെങ്കിൽ അവ യഥാസമയം ബിൽ ചെയ്യാതെ പോയത് ലൈസൻസിയുടെ വീഴ്ചയായി കണക്കാക്കാം. മണമ്പൂർ ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകൾ സ്ഥാപിക്കാൻ 15 ലക്ഷം രൂപ ലൈസൻസിക്ക് നൽകി എന്ന് വാദിക്കുമ്പോഴും അതിന്റെ വിശദാംശങ്ങൾ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും നൽകാത്തതിനാൽ ആ വാദം അംഗീകരിക്കാൻ കഴിയില്ല.

പരിശോധന നടത്താൻ ആവശ്യപ്പെട്ടത് വിളക്കുകളുടെ എണ്ണം എടുക്കൽ മാത്രമല്ല ഇവയ്ക്ക് എന്നുമുതൽ എന്നുവരെ ബിൽ ചെയ്തിട്ടില്ല എന്നതും കണക്കാക്കാൻ ആവശ്യപ്പെട്ടിരുന്നു. അതു കണക്കുകൂട്ടിയതായി കാണുന്നില്ല. ഉപഭോക്താവിനെ ബോധ്യപ്പെടുത്തി ആ തുക നിജപ്പെടുത്തേണ്ടിയിരിക്കുന്നു. റെഗുലേഷൻ 134 supply code under charged bill-നെ ക്കുറിച്ച് വിശദീകരിക്കുന്നു.

134(1) *"If the licensee establishes either by review or otherwise, that it has undercharged the consumer, the licensee may recover the amount so undercharged from the consumer by issuing a bill and in such cases at least thirty days shall be given to the consumer for making payment of the bill".*

ഇവിടെ under charged ആണെന്ന് ലൈസൻസി സ്ഥാപിക്കേണ്ടിയിരിക്കുന്നു. ഉപഭോക്താവിന്റെ (പരാതിക്കാരന്റെ) സാന്നിധ്യത്തിൽ കുടിശ്ശിക വന്നിട്ടുള്ള തുക കണക്കാക്കേണ്ടതാണ്. അതിന് പരാതിക്കാരൻ തന്റെ പ്രതിനിധിയെ നിയോഗിക്കേണ്ടതുമാണ്. പരാതിക്കാരന്റെ അറിവോടെ കുടിശ്ശിക വരാൻ സാധ്യതയുള്ള തുക ലൈസൻസി കണക്കാക്കേണ്ടതാണ്.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷികളുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. ലൈസൻസി വളരെ സുതാര്യമായി രീതിയിൽ പരാതിക്കാരനെ ബോധ്യപ്പെടുത്തിക്കൊണ്ട് കുടിശ്ശിക കാലയളവ് തീരുമാനിക്കുകയും അത് വീണ്ടും കണക്കാക്കുകയും ചെയ്യുക. അതിനുവേണ്ടി പരാതിക്കാരൻ പ്രതിനിധിയെ നിയോഗിക്കേണ്ടതാണ്. ഒരുമാസത്തിനകം പ്രതിനിധിയെ നിയോഗിച്ചില്ലെങ്കിൽ ലൈസൻസി സ്വയം അത് പൂർത്തിയാക്കേണ്ടതുമാണ്.

2. അങ്ങനെ കണക്കാക്കുന്ന തുക (മുകളിലെ തീരുമാനപ്രകാരം) അടയ്ക്കുവാൻ പരാതിക്കാരൻ ബാധ്യസ്ഥനാണ്.

3. ഇത് യഥാസമയം കണ്ടെത്തുകയും, സമയത്ത് തന്നെ ബിൽ നൽകുകയും ചെയ്യാതെ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ലൈസൻസി നടപടി സ്വീകരിക്കേണ്ടതാണ്.

4. തീരുമാനങ്ങൾ 1. & 2. എന്നിവ ഒരു മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്.

5. മറ്റു ചെലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/012/2024/ തീയതി: 29/05/2024.

**അയക്കുന്നത്**

1. സെക്രട്ടറി, മണമ്പൂർ ഗ്രാമ പഞ്ചായത്ത്, കവലയുർ പി.ഓ., വർക്കല, തിരുവനന്തപുരം ജില്ല 695144.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കടയ്ക്കാവൂർ, തിരുവനന്തപുരം ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.
2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-4.
3. ചെയർപേഴ്സൺ, കൺസ്യൂമർ ഗ്രീവൻസ് റിഡ്രെസൽ ഫോറം, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, കൊട്ടാരക്കര- 691 506.